കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ചികിൽസാപരമായ ഗർഭാവസ്ഥ സമാപന ആക്റ്റ്, 1971

## (1971-ലെ 34-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

**യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്**
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

വില : [illegible]ൈസ

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ചികിൽസാപരമായ ഗർഭാവസ്ഥ സമാപന ആക്ററ്, 1971

## (1971-ലെ 34-ാം നമ്പർ ആക്ററ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ചികിൽസാപരമായ ഗർഭാവസ്ഥ സമാപന ആക്റ്റ്, 1971

(1971-ലെ 34-ാം നമ്പർ ആക്റ്റ്)

[1971 ആഗസ്റ്റ്, 10.]

## ചില ഗർഭങ്ങളുടെ രജിസ്റ്റർ ചെയ്യപ്പെട്ട ചികിൽസകൻമാരാലുള്ള സമാപനത്തിനും അതിനോട് ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ ഇരുപത്തിരണ്ടാം സംവൽസരത്തിൽ പാർലമെൻറ് ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. <u>ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് ചികിൽസാപരമായ ഗർഭാവസ്ഥ സമാപന ആക്റ്റ്, 1971 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി കേന്ദ്രഗവൺമെൻറ് നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം.—

(ക) "രക്ഷാകർത്താവ്" എന്നാൽ മൈനറുടേയോ ഭ്രാന്തൻേറയോ ശരീരത്തിൻെറ മേൽനോട്ടമുള്ള ആൾ എന്നർത്ഥമാകുന്നു.

(ഖ) "ഭ്രാന്തൻ" എന്നതിന് ഇൻഡ്യൻ ഭ്രാന്ത് ആക്റ്റ്, (1912 (1912-ലെ 4) -ലെ 3-ാം വകുപ്പിൽ അതിന് കൊടുത്തിട്ടുള്ള അർത്ഥം ഉള്ളതാകുന്നു.

(ഗ) "മൈനർ" എന്നാൽ ഇൻഡ്യൻ മെജോറിററി ആക്റ്റ്, 1875 (1875-ലെ 9)-ലെ വ്യവസ്ഥകൾ പ്രകാരം മെജോറിററി എത്തിയിട്ടില്ലാത്തതായി കരുതപ്പെടുന്ന ആൾ എന്നർത്ഥമാകുന്നു.

(ഘ) "രജിസ്റ്റർ ചെയ്യപ്പെട്ട ചികിൽസകൻ" എന്നാൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ്, 1956 (1956-ലെ 102) 2-ാം വകുപ്പ് (ജ) ഖണ്ഡത്തിൽ നിർവ്വചിച്ചതുപോലെയുള്ള ഏതെങ്കിലും അംഗീകൃതമായ ചികിൽസായോഗ്യതയുള്ളവനും സ്റ്റേററ് മെഡിക്കൽ രജിസ്റ്ററിൽ പേര് ചേർക്കപ്പെട്ടിട്ടുള്ളവനും സ്ത്രീരോഗശാസ്ത്രത്തിലും സൂതികാശാസ്ത്രത്തിലും ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന പരിചയമോ പരിശീലനമോ ഉള്ളവനുമായ ചികിൽസകൻ എന്ന് അർത്ഥമാകുന്നു.

3. <u>ഗർഭങ്ങൾ എപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ട ചികിൽസകൻമാരാൽ സമാപിക്കപ്പെടാമെന്ന്</u>.—(1) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്റ്റർചെയ്യപ്പെട്ട ഒരു ചികിൽസ

കൻ ഈ ആക്ററിലെ വ്യവസ്ഥകൾക്കനുസൃതമായി, ഏതെങ്കിലും ഗർഭം സമാപിപ്പിക്കുന്നുവെങ്കിൽ, അയാൾ, ആ നിയമസംഹിതയ്ക്കോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിനോ കീഴിൽ ഏതെങ്കിലും കുററത്തിന് അപരാധിയാകുന്നതല്ല.

(2) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു രജിസ്ററർചെയ്യപ്പെട്ട ചികിൽസകനാൻ ഒരു ഗർഭം—

(ക) ഗർഭത്തിൻെറ ദൈർഘ്യം പന്ത്രണ്ടാഴ്ചയിൽ കവിയാതിരിക്കുന്നിടത്ത്, അങ്ങനെയുള്ള ചികിൽസകന്നോ,

(ഖ) ഗർഭത്തിൻെറ ദൈർഘ്യം പന്ത്രണ്ടാഴ്ചയിൽ കവിയുകയും എന്നാൽ ഇരുപതാഴ്ചയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത്, രണ്ടിൽകുറയാതെയുള്ള രജിസ്ററർ ചെയ്യപ്പെട്ട ചികിസകൻമാർക്കോ,

(1) ഗർഭം തുടരുന്നതിൽ ഗർഭിണിയുടെ ജീവന് അപായസാദ്ധ്യതയോ അവളുടെ ശാരീരികമോ മാനസികമോ ആയ ആരോഗ്യത്തിന് ഗുരുതരമായ ക്ഷതിയ്ക്കുള്ള സാദ്ധ്യതയോ അടങ്ങുന്നുണ്ടെന്നോ; അല്ലെങ്കിൽ

(2) ശിശു ജനിക്കുന്നുവെങ്കിൽ അതിന് ഗൗരവമുള്ള പ്രതികൂലാവസ്ഥ നേരിടേണ്ടിവരത്തക്ക ശാരീരികമോ മാനസികമോ ആയ വിലക്ഷണതകൾ സംഭവിക്കുന്നതിന് സാരമായ സാദ്ധ്യത ഉണ്ടെന്നോ;

ഉത്തമവിശ്വാസപൂർവ്വം രൂപവൽക്കരിക്കപ്പെടുന്ന അഭിപ്രായം ഉണ്ടെങ്കിൽ സമാപിക്കപ്പെടാവുന്നതാണ്.

വിശദീകരണം I— ഏതെങ്കിലും ഗർഭം ബലാൽസംഗത്താലുണ്ടായതാണെന്ന് ഗർഭിണി ആരോപിക്കുന്നിടത്ത്, അങ്ങനെയുള്ള ഗർഭത്താൽ ഉണ്ടാകുന്ന തീവ്ര വേദന ഗർഭിണിയുടെ മാനസികാരോഗ്യത്തിന് ഗുരുതരമായ ക്ഷതി ആകുന്നതാണെന്ന് കരുതപ്പെടുന്നതാകുന്നു.

വിശദീകരണം II— ഏതെങ്കിലും ഗർഭം കുട്ടികളുടെ എണ്ണം പരിമിതിപ്പെടുത്തുന്നതിനുവേണ്ടി വിവാഹിതയായ ഏതെങ്കിലും സ്ത്രീയോ അവളുടെ ഭർത്താവോ ഉപയോഗിക്കുന്ന ഏതെങ്കിലും ഉപകരണമോ സംപ്രദായമോ പരാജയപ്പെടുന്നതിൻെറ ഫലമായി സംഭവിക്കുന്നിടത്ത്, അങ്ങനെയുള്ള അനൈച്ഛികമായ ഗർഭത്താലുണ്ടാകുന്ന തീവ്രവേദന ഗർഭിണിയുടെ മാനസികാരോഗ്യത്തിന് ഗുരുതരമായക്ഷതി ആകുന്നതാണെന്നു കരുതപ്പെടുന്നതാകുന്നു.

(3) ഗർഭം തുടരുന്നതിൽ ആരോഗ്യത്തിന് (2)-ാം ഉപവകുപ്പിൽപറഞ്ഞതുപോലെയുള്ള ക്ഷതി സാദ്ധ്യത അടങ്ങുന്നുണ്ടോ എന്ന് തീരുമാനിക്കുന്നതിൽ ഗർഭിണിയുടെ യഥാർത്ഥമോ ന്യായമായി പ്രതീക്ഷിക്കാവുന്നതോ ആയ ചുററുപാടുകൾ കണക്കിലെടുക്കാവുന്നതാണ്.

(4) (ക) പതിനെട്ടുവയസ്സ് എത്തിയിട്ടില്ലാത്തവളോ അല്ലെങ്കിൽ പതിനെട്ടുവയസ്സ് എത്തിയെങ്കിലും ഭ്രാന്തത്തിയോ ആയ ഒരു സ്ത്രീയുടെ ഒരു ഗർഭവും അവളുടെ രക്ഷാകർത്താവിൻെറ ലിഖിതമായ സമ്മതത്തോടെയല്ലാതെ സമാപിപ്പിക്കാൻ പാടുള്ളതല്ല.

(ഖ) (ക) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഒരു ഗർഭവും ഗർഭിണിയുടെ സമ്മതത്തോടെയല്ലാതെ സമാപിപ്പിക്കാൻ പാടുള്ളതല്ല.

4. ഗർഭം സമാപിപ്പിക്കാവുന്ന സ്ഥലം — ഈ ആക്റ്റനുസരിച്ച് യാതൊരു ഗർഭസമാപനവും—

(ക) ഗവൺമെൻറ് സ്ഥാപിച്ചതോ നടത്തിപ്പോരുന്നതോ ആയ ഒരു ആശുപത്രിയോ, അല്ലെങ്കിൽ

(ഖ) ഈ ആക്റ്റിൻെറ ആവശ്യത്തിനുവേണ്ടി ഗവൺമെൻറ് തൽസമയം അംഗീകരിച്ചിട്ടുള്ള സ്ഥലമോ,

അല്ലാത്ത ഏതെങ്കിലും സ്ഥലത്തുവച്ച് ചെയ്യുവാൻ പാടുള്ളതല്ല.

5. 3-ഉം 4-ഉം വകുപ്പുകൾ എപ്പോൾ ബാധകമാകുന്നതല്ലെന്ന്.—(1) 4-ാം വകുപ്പിലെ വ്യവസ്ഥകളും, 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ, ഗർഭത്തിൻെറ ദൈർഘ്യത്തേയും രണ്ടിൽ കുറയാതെയുള്ള രജിസ്റ്റർചെയ്യപ്പെട്ട ചികിൽസകൻമാരുടെ അഭിപ്രായത്തേയും സംബന്ധിച്ചിടത്തോളമുള്ള വ്യവസ്ഥകളും രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ചികിൽസകന് ഒരു ഗർഭം സമാപിക്കുന്നത് ഗർഭിണിയുടെ ജീവൻ രക്ഷിക്കുവാൻ ഉടനടി ആവശ്യമാണെന്ന് ഉത്തമവിശ്വാസപൂർവ്വം രൂപവൽക്കരിക്കപ്പെടുന്ന അഭിപ്രായമുള്ള ഒരു സംഗതിയിൽ അയാൾ ആ ഗർഭം സമാപിപ്പിക്കുന്നതിന് ബാധകമാകുന്നതല്ല.

(2) ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) യിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, രജിസ്റ്റർ ചെയ്യപ്പെട്ട ചികിൽസകൻ അല്ലാത്ത ഒരാൾ ഗർഭം സമാപിപ്പിക്കുന്നത് ആ നിയമസംഹിതയ്ക്ക് കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററമായിരിക്കുന്നതും, ആ നിയമസംഹിത, ഇത്രത്തോളം രൂപഭേദപ്പെടുത്തപ്പെട്ടിരിക്കുന്നതുമാകുന്നു.

വിശദീകരണം— ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് 2-ാം വകുപ്പിലെ (ഘ) ഖണ്ഡത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ചികിൽസകന് സ്ത്രീരോഗശാസ്ത്രത്തിലും സൂതികാശാസ്ത്രത്തിലും പരിചയമോ പരിശീലനമോ ഉണ്ടായിരിക്കേണ്ടത് സംബന്ധിച്ചിടത്തോളമുള്ള വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

6. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.— (1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ച്, മേല്പറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം കൂടാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെപ്പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ ഏതെങ്കിലും വിഷയത്തിനോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) രജിസ്റ്റർ ചെയ്യപ്പെട്ട ചികിൽസകൻ ഈ ആക്റ്റിൻ കീഴിൽ ഏതെങ്കിലും ഗർഭം സമാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, അയാൾക്ക് ഉണ്ടായിരിക്കേണ്ട പരിചയമോ പരിശീലനമോ അല്ലെങ്കിൽ രണ്ടുമോ;

(ഖ) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യണമെന്ന് ആവശ്യപ്പെടുന്നതോ അല്ലെങ്കിൽ അവയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതോ ആയ മററ് വിഷയങ്ങൾ.

(3) ഈ ആക്റ്റിൻ കീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഓരോ ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗത്തിൽ, പാർലമെൻറ് സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ അതിൻെറ ഓരോ സഭയിലും ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ

ആയി അടങ്ങുന്ന ആകെ മുപ്പത് ദിവസകാലത്തേയ്ക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കപ്പെടുന്ന സമ്മേളനമോ അതിന് തൊട്ടു പിന്നീട് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തണമെന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കാൻ പാടില്ല എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും എന്നാൽ അത് അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധം ആയിരിക്കുന്നതും ആകുന്നു.

7. <u>റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—</u> (1) സ്റേററ് ഗവൺമെൻറിന് റഗുലേഷനുകൾവഴി,

(ക) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചപോലെയുള്ള ഏതെങ്കിലും അഭിപ്രായം, അങ്ങനെയുള്ള റഗുലേഷനുകളിൽ വിനിർദ്ദിഷ്ടമാക്കുന്ന ഫാറത്തിലും സമയങ്ങളിലും, ബന്ധപ്പെട്ട രജിസ്ററർ ചെയ്യപ്പെട്ട ചികിൽസകനോ ചികിൽസകരോ സർട്ടിഫൈ ചെയ്യുന്നതിനും, അങ്ങനെയുള്ള സർട്ടിഫിക്കററുകൾ സൂക്ഷിക്കുകയോ കൈയൊഴിക്കുകയോ ചെയ്യുന്നതിനും ആവശ്യപ്പെടാവുന്നതും;

(ഖ) ഗർഭം സമാപിപ്പിക്കുന്ന രജിസ്ററർചെയ്യപ്പെട്ട ഏതെങ്കിലും ചികിൽസകനോട്, അങ്ങനെ അവ സമാപിപ്പിക്കുന്നതിന്റെ അറിയിപ്പും സമാപനം സംബന്ധിച്ച അങ്ങനെയുള്ള റഗുലേഷനുകളിൽ വിനിർദ്ദിഷ്ടമാക്കുന്ന മററു വിവരവും നല്കാൻ ആവശ്യപ്പെടാവുന്നതും;

(ഗ) അങ്ങനെയുള്ള റഗുലേഷനുകൾക്കനുസൃതമായി നല്കുന്ന അറിയിപ്പോ വിവരമോ അങ്ങനെയുള്ള റഗുലേഷനുകളിൽ വിനിർദ്ദിഷ്ടമാക്കുന്ന ആളുകൾക്കും ആവശ്യങ്ങൾക്കും അല്ലാതെ വെളിപ്പെടുത്തുന്നത് നിരോധിക്കാവുന്നതും, ആകുന്നു.

(2) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിന്റെ ബലത്തിൽ ഉണ്ടാക്കിയ റഗുലേഷനുകൾക്കനുസൃതമായി, അതതുസംഗതിപോലെ, നല്കുന്ന അറിയിപ്പോ വിവരമോ, സ്റേററിലെ ചീഫ് മെഡിക്കൽ ആഫീസർക്ക് നല്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും റഗുലേഷൻ ആവശ്യപ്പെടുന്നത് മന:പൂർവ്വം ഉല്ലംഘിക്കുകയോ മന:പൂർവ്വം അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടാവുന്നതാണ്.

8. <u>ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടികൾക്ക് സംരക്ഷണം.—</u> ഈ ആക്ററിൻ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനാലെങ്കിലും ഉണ്ടാകുന്നതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിന് ഏതെങ്കിലും രജിസ്ററർ ചെയ്യപ്പെട്ട ചികിൽസകനെതിരായി ഏതെങ്കിലും വ്യവഹാരമോ മററ് നിയമനടപടിയോ കൊണ്ടുവരാവുന്നതല്ല.

---